# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 85**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

കുട്ടികളിൽ ദിശാബോധം വളർത്തിയെടുക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമാണല്ലോ. ചെറുപ്രായത്തിൽത്തന്നെ ധാർമ്മികതയിലൂന്നിയ വിദ്യാഭ്യാസം അവർക്ക് നൽകേണ്ടത് നമ്മുടെ കടമയാണ്. ക്രിസ്തീയ മൂല്യങ്ങൾ അടിസ്ഥാനമാക്കിക്കൊണ്ടാവണം നമ്മുടെ കുട്ടികൾ അറിവിന്റെ അഭ്യസനം ആരംഭിക്കേണ്ടത്.

എല്ലാ വർഷവും ജൂൺ മാസം ആദ്യ ഞായറാഴ്ച വിദ്യാലയവർഷാരംഭ സ്തോത്ര ശുശ്രൂഷ നമ്മുടെ ഇടവകകളിൽ ക്രമീകരിക്കേണ്ടതാണ്. ഇടവകയിലെ കുഞ്ഞുങ്ങൾക്ക് വിദ്യാരംഭം കുറിക്കുന്നതിനുള്ള ക്രമീകരണം ഓരോ ഇടവകയിലും വികാരിയുടെ നേതൃത്വത്തിൽ ചെയ്യേണ്ടതാണ്. സ്തോത്ര ശുശ്രൂഷ ഓരോ രാജ്യത്തെയും സംസ്ഥാനത്തെയും വിദ്യാലയ വർഷം ആരംഭിക്കുന്നതനുസരിച്ച് ക്രമീകരിക്കാവുന്നതാണ്.

കോവിഡ് മഹാമാരിയുടെ പ്രതിസന്ധി മാറി വിദ്യാഭ്യാസം സാധാരണ രീതിയിലേക്ക് ആയിക്കൊണ്ടിരിക്കുകയാണ്. +2 കഴിയുന്നതോടുകൂടി വിദ്യാഭ്യാസത്തിനായി വിദേശത്തേക്ക് കുട്ടികളുടെ ഒഴുക്ക് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്ക് ലഭിക്കത്തക്കവിധം നമ്മുടെ സ്കൂളുകളും ഭവനങ്ങളും ഇടവകകളും പ്രത്യേകം ശ്രദ്ധിക്കണം. ഭാവിയെപ്പറ്റിയുള്ള ആശങ്ക അകറ്റി ദൈവീക കരുതലും സംരക്ഷണവും ഉറപ്പാക്കുവാൻ നമുക്ക് കഴിയണം.

“യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു” എന്ന തിരുവചന സത്യത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് തുടക്കമിടുന്നതിനും അവരുടെ ഭാവി ജീവിതത്തിനു എല്ലാ അനുഗ്രഹങ്ങളും ഉണ്ടാകുന്നതിനും ഏവരും പ്രാർത്ഥിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

ഉത്തമവും ഉദാത്തവുമായ മാർഗ്ഗങ്ങളിലൂടെ അവരെ നയിക്കുന്നതിനും സാമൂഹികനന്മ ലക്ഷ്യമാക്കി സഭാസ്നേഹത്തിൽ അവരെ വളർത്തുന്നതിനും ഈ ക്രമീകരണം സഹായകമാകുന്നതിനു കർത്താവ് സഹായിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2023 മേയ് 6–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 85**

*Blessings to you all the Vicars, Resident Clergy, Trustees*
*and Members of all the Parishes under our authority.*

Beloved in Christ,

The basic goal of education is to nurture a sense of direction in children. It is our responsibility to impart value-based education to them from a young age. Our children should begin their journey of knowledge rooted in Christian values.

It is hereby informed that thanksgiving services should be arranged in all the parishes of our Church in connection with the commencement of our children's education on the first Sunday of June every year. This initiation ceremony for our children in each parish should be arranged under the leadership of the Vicars concerned. The date of the commencement of children's education may be fixed according to the beginning of the academic year in each country and state.

The education system is moving back to normal after the Covid pandemic. A characteristic of this period is the emigration of children to foreign countries for higher studies after completing Class 12. Therefore, our homes, schools, and parishes should take special care to impart value-based education to our children. We should be able to make them certain of God's care and protection instead of anxiety about the future.

We exhort you to begin our children's education based on the scriptural truth, "The fear of the Lord is the beginning of wisdom", and to pray that their future life is blessed in every way.

May the Lord help us that this arrangement would enable us to guide them through noble and exalted paths and to nurture them in loyalty to the Church, resulting in the well-being of society at large.

Grace be with you all.

Dated 06 May 2023, from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**